ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

230 (2440) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.ആർ.ഡി.സി.(ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ്കോർപ്പറേഷൻ)ക്ക് ഒരു വർഷം എത്ര തുകയാണ് വരുമാനമായിലഭിക്കുന്നത് ; പ്രസ്തുത തുക ബി.ആർ.ഡി.സി.-ക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ബി.ആർ.ഡി.സി. യുടെ കൈവശം നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട് ;

(സി) പ്രസ്തുത തുക ബി.ആർ.ഡി.സി.യുടെ ഡെസ്റ്റിനേഷൻ പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുകവഴി ടൂറിസം വികസനത്തിന് സാധ്യമാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നീക്കിയിരിപ്പുതുക പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ബി.ആർ.ഡി.സി.-ക്ക് ഒരു വർഷം 359 ലക്ഷം രൂപ വരുമാനമായി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത തുക ബി.ആർ.ഡി.സി.-ക്ക് കൃത്യമായി ലഭിക്കുന്നില്ല. പ്രവർത്തനക്ഷമമായ രണ്ട് റിസോർട്ടുകളും ബേക്കൽ ബീച്ച് പാർക്ക്, പാർക്കിംഗ് ബേ, കെ.റ്റി.ഡി.സി. ബീച്ച് ക്യാമ്പ് മുതലായ യൂണിറ്റുകളിൽ നിന്നുമാണ് പാട്ടതുക കൃത്യമായി ലഭിക്കുന്നത്. പ്രവർത്തനക്ഷമമാകുവാനുള്ള റിസോർട്ടുകളിൽ നിന്നും, ഹൗസ് ബോട്ട് സെന്ററിൽ നിന്നും കൃത്യമായി പാട്ട തുക ലഭിച്ച് തുടങ്ങിയിട്ടില്ല. എങ്കിലും ഗഡുക്കളായി തുക ഇവർ അടയ്ക്കുന്നുണ്ട്. വൈകി അടയ്ക്കുന്ന തുകയ്ക്ക് പലിശയും ഈടാക്കുന്നുണ്ട്. ബാക്കി തുക അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബി.ആർ.ഡി.സി. യുടെ പക്കൽ ഇപ്പോൾ 86 ലക്ഷം രൂപയാണ് (2014-15) നീക്കിയിരിപ്പുള്ളത്.

(സി) ബി.ആർ.ഡി.സി. യുടെ പ്രോജക്ട് പരിധിയിലുള്ള പഞ്ചായത്തുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബി.ആർ.ഡി.സി. സ്ഥാപിതമായതു മുതൽ തുക ചെലവഴിക്കുന്നുണ്ട്. ഓരോ വർഷവും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുമുണ്ട്.

(ഡി) ബി.ആർ.ഡി.സി. യുടെ കൈവശം നിലവിൽ 86 ലക്ഷം രൂപ മാത്രമാണ് നീക്കിയിരിപ്പായുള്ളത്. ഇതുകൂടാതെ ബി.ആർ.ഡി.സി. പുതിയ പദ്ധതികൾക്കായി തുക കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക പഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ കഴിയുകയില്ല.

കണ്ണൂർ ജില്ലയിലെ ടൂറിസം അടിസ്ഥാന പദ്ധതികൾ

231 (2441) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന ടൂറിസം അടിസ്ഥാന പദ്ധതികൾ എന്തൊക്കെയാണ് ; അവ ഒരോന്നും ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാനായി ബാക്കിയുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly